**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2032** **05-02-2026-ൽ മറുപടിയ്ക്ക്**

**<u>ഇന്റർ പോളി ടൂർണമെന്റുകളിലെ വിജയികൾക്ക് പി.എസ്.സി. പരീക്ഷകളിൽ വെയിറ്റേജ് മാർക്ക്</u>**

| **<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>** |
|---|---|
| ശ്രീമതി ഒ. എസ്. അംബിക | ശ്രീ. വി. ഡി. സതീശൻ |
| ശ്രീമതി ഒ. എസ്. അംബിക | (മുഖ്യമന്ത്രി) |

**(എ)** ഇന്റർ പോളി ടെക്നിക് ടൂർണമെന്റുകളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നവർക്ക് പി. എസ്. സി മത്സര പരീക്ഷകളിൽ വെയിറ്റേജ് മാർക്ക് നൽകുന്ന സംവിധാനം നിലവിലുണ്ടോ; പ്രസ്തുത ആനുകൂല്യത്തിന് അർഹരാകുന്നതിനുള്ള യോഗ്യത മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ?

**<u>മറുപടി:</u> ഇല്ല.**

**ചുവടെ ചേർത്തിരിക്കുന്ന കായിക നേട്ടങ്ങളുള്ളവർക്കാണ് വെയിറ്റേജ് മാർക്ക് നൽകിവരുന്നത്.**

1. ദേശീയതലത്തിൽ സംസ്ഥാനത്തെയോ അന്താരാഷ്ട്രതലത്തിൽ രാജ്യത്തെയോ പ്രതിനിധീകരിച്ചിട്ടുള്ളവർ.
2. അന്തർസർവ്വകലാശാല സ്പോർട്സ് ബോർഡ് നടത്തുന്ന അന്തർസർവ്വകലാശാല മത്സരങ്ങളിൽ സർവ്വകലാശാലകളെ പ്രതിനിധീകരിച്ചിട്ടുള്ളവർ.
3. അഖിലേന്ത്യ സ്കൂൾ ഗെയിംസ് ഫെഡറേഷൻ നടത്തുന്ന ദേശീയ സ്കൂൾ സ്പോർട്സ് / ഗെയിംസിൽ സംസ്ഥാന സ്കൂൾ ടീമുകളെ പ്രതിനിധീകരിച്ചിട്ടുള്ളവർ.
4. സംസ്ഥാന സർക്കാരിന്റെയോ, സംസ്ഥാനത്തെ സർവ്വകലാശാലകളുടെയോ, കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെയോ ആഭിമുഖ്യത്തിൽ നടത്തുന്ന സംസ്ഥാന തല മത്സരങ്ങളിൽ വിജയികളാകുന്നവർ.

**സെക്ഷൻ ഓഫീസർ**